## കേരള സർക്കാർ

### സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് – വരൾച്ച ബാധിത പ്രദേശങ്ങളെന്നു റവന്യൂ വകുപ്പ് കണ്ടെത്തിയ സ്ഥലങ്ങളിൽ ടാങ്കർ ലോറികളിലെ കുടിവെള്ള വിതരണം – ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭകൾക്കും കോർപ്പറേഷനുകൾക്കും തുക ചെലവഴിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയം ഭരണ (എഫ്.എം.) വകുപ്പ്**

സ.ഉ.(സാധാരണ) നം. **807**/2012/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 20.03.2012.

---

**ഉത്തരവ്**

റവന്യൂ വകുപ്പ് കണ്ടെത്തുന്ന രൂക്ഷമായ വരൾച്ച നേരിടുന്ന പ്രദേശങ്ങളിൽ റവന്യൂ വകുപ്പ് ജലവിതരണം നടത്തുന്നില്ലെങ്കിൽ കുടിവെള്ളം ടാങ്കർ ലോറികളിൽ എത്തിക്കുന്നതിന് വേണ്ട നടപടികൾ ഗ്രാമപഞ്ചായത്തുകളും നഗരസഭകളും കോർപ്പറേഷനുകളും സ്വീകരിക്കേണ്ടതാണ്. ഇതിന് ആവശ്യമായ തുക തനത് ഫണ്ടിൽ ലഭ്യമല്ലെങ്കിൽ പ്ലാൻ ഫണ്ടിൽ ചിലവാകാതെ കിടക്കുന്ന ഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭകൾക്കും കോർപ്പറേഷനുകൾക്കും യഥേഷ്ടാനുമതി നൽകി ഉത്തരവാകുന്നു.

ഇങ്ങനെ കുടിവെള്ള വിതരണത്തിനായി ചിലവാക്കുന്ന തുകക്ക് പിന്നീട് ജില്ലാ ആസൂത്രണ സമിതിയുടെ (ആവശ്യമായ പദ്ധതി തയ്യാറാക്കി നൽകി) സാധൂകരണം വാങ്ങേണ്ടതാണ്. ജലവിതരണം നടത്തുന്ന റൂട്ടുകളുടെ വിശദവിവരം പഞ്ചായത്ത് / നഗരസഭാ നോട്ടീസ് ബോർഡിലും വെബ്സൈറ്റിലും പ്രസിദ്ധീകരിക്കേണ്ടതാണ്. വരൾച്ചക്കുശേഷം ചേരുന്ന ഗ്രാമസഭയിൽ / വാർഡ്സഭയിൽ അതതു വാർഡിലെ / ഡിവിഷനിലെ ജലവിതരണത്തെ സംബന്ധിച്ച വിവരങ്ങൾ സമർപ്പിച്ചു ചർച്ച ചെയ്യേണ്ടതാണ്. ജലവിതരണം നടത്തുന്ന ടാങ്കർ ലോറികളുടെ ട്രിപ്പ് ഷീറ്റുകൾ ബന്ധപ്പെട്ട വാർഡ് പ്രതിനിധിയും എ.ഡി.എസ്. ചെയർപേഴ്സണും സാക്ഷ്യപ്പെടുത്തേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)

ജെയിംസ് വർഗ്ഗീസ്,
പ്രിൻസിപ്പൽ സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം. (പകർപ്പ് എല്ലാ ഗ്രാമ പഞ്ചായത്തുകൾക്കും നൽകേണ്ടതാണ്.)
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം. (എല്ലാ നഗരസഭകൾക്കും കോർപ്പറേഷനുകൾക്കും പകർപ്പ് നൽകേണ്ടതാണ്).
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം. (വെബ്സൈറ്റിൽ പബ്ലിഷ് ചെയ്യുന്നതിലേയ്ക്കായി)
ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ& ഇ / എൽ.ബി.എ&എ), കേരള, തിരുവനന്തപുരം.
റീജിയണൽ പെർഫോമൻസ് ആഡിറ്റ് ആഫീസർ, കൊല്ലം / കൊച്ചി / കോഴിക്കോട്.
പൊതുഭരണ (എസ്.സി) വകുപ്പ്.

റവന്യൂ വകുപ്പ്.
ധനകാര്യ വകുപ്പ്.
എല്ലാ ജില്ലാ കളക്ടർമാർക്കും.
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്. (എല്ലാ മാധ്യമങ്ങളിലും വാർത്തയായി നൽകുന്നതിന്)
സ്റ്റോക്ക് ഫയൽ // ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

പകർപ്പ്:–

1) ബഹു: പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
2) ബഹു: വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
3) ബഹു: ആസൂത്രണവും ഗ്രാമ വികസനവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
4) തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്.
5) തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എ.യ്ക്ക്.
6) തദ്ദേശസ്വയംഭരണ വകുപ്പ് അഡിഷണൽ സെക്രട്ടറി (എഫ്.&ഇ)യുടെ പി.എ.യ്ക്ക്.